സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ

127 (467) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ സ്വകാര്യ സ്ഥാപനങ്ങളിൽ എത്ര തുക നിക്ഷേപമായിട്ടുണ്ടെന്നും എത്ര തുക വായ്പയായി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ ;

(സി) റിസർവ് ബാങ്കിന്റെ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന എത്ര സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഇത്തരം ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) വാണിജ്യ നികുതി വകുപ്പിൽ 2014 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പ്രകാരം കേരള മണിലെൻഡേഴ്സ് ആക്ടിൻ കീഴിൽ 9180 ലൈസൻസികളുണ്ട്. 2014 സെപ്റ്റംബർ 30 വരെ 156 നോൺ ബാങ്കിംഗ് ഫിനാൻസ്യൽ കമ്പനികൾ (NBFCs) റിസർവ്വ ബാങ്കിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 270 ഫിനാൻസിംഗ് കമ്പനികൾ, കമ്പനി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) റിസർവ് ബാങ്കിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികൾ 31-3-2014 വരെ 191.46 കോടി രൂപ നിക്ഷേപമായി സ്വീകരിക്കുകയും 45621.17 കോടി രൂപ വായ്പയായി നൽകുകയും ചെയ്തിട്ടുണ്ട്. കേരള മണിലെൻഡേഴ്സ് ആക്ടിൻകീഴിൽ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി&ഡി) കൃത്യമായ കണക്കുകൾ ലഭ്യമല്ല എന്നിരുന്നാലും 2014 ഒക്ടോബർ 31 വരെയുള്ള കണക്കുകൾ പ്രകാരം കേരള മണിലെൻഡേഴ്സ് ആക്ടിൻ കീഴിൽ 9180 ലൈസൻസികളുണ്ട്. 270 ഫിനാൻസിങ് കമ്പനികൾ കമ്പനി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മണിലെൻഡേഴ്സ് ആക്ട് പ്രകാരമുള്ള ലൈസൻസ് ഇല്ലാതെയോ, കമ്പനി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്ട്രേഷൻ എടുക്കാതെയോ അനധികൃതമായി പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ സംസ്ഥാന പോലീസ് വകുപ്പും വാണിജ്യ നികുതി വകുപ്പും കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ലൈസൻസ് ഇല്ലാതെ മണിലെൻഡിംഗ് പ്രവൃത്തികളിൽ ഏർപ്പെടുന്നവർക്കെതിരെ മണിലെൻഡിംഗ് നിയമത്തിന്റെ കീഴിൽ നടപടികൾ സ്വീകരിക്കുവാനായി ലൈസൻസിംഗ് അതോറിറ്റിയായ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെയോ ലൈസൻസിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ മണിലെൻഡിംഗ് പ്രവർത്തനങ്ങൾ നടത്തിയാൽ തടവുശിക്ഷയും പിഴയും നൽകുന്നതിന് മണിലെൻഡേഴ്സ് ആക്ട് സെക്ഷൻ 17-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ തദനുസരണമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇത്തരം സ്ഥാപനങ്ങൾ അമിത പലിശ ഈടാക്കുന്നതായി ബോധ്യപ്പെട്ടാൽ സെക്ഷൻ 18 ഡി (1) പ്രകാരം അധികമായി ഈടാക്കിയ തുക കണ്ടുകെട്ടുന്നതിനും പിഴ ചുമത്തുന്നതിനും കണ്ടുകെട്ടിയ തുക വായ്പ എടുത്ത ആൾക്ക് തിരികെ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

പൊതുവിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ച തുക

128 (468) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് ചെലവഴിച്ച മൊത്തം തുക എത്രയെന്നും അതിൽ എയ്ഡഡ് മേഖലയ്ക്ക് വേണ്ടി മാത്രം ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയെന്നും ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കാമോ ;

(സി) ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം എയ്ഡഡ് മേഖലയിൽ എയ്ഡഡ് സ്കൂളുകളും പ്ലസ് ടു സ്കൂളുകളും ബാച്ചുകളും മറ്റും അനുവദിച്ച ഇനത്തിൽ പ്രതീക്ഷിക്കുന്ന അധിക ചെലവ് എത്ര കോടിയാണ് ;

(ഡി) സംസ്ഥാനത്ത് ഹൈസ്കൂൾ തലം വരെയുള്ള സംരക്ഷിത അദ്ധ്യാപകർക്ക് തന്നാണ്ടിൽ എത്ര കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കി വിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly